പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:1195 05.03.2020 ൽ മറുപടിയ്ക്ക്

## സർക്കാർ ഭൂമിയുടെ പാട്ടകുടിശ്ശിക

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ആരാധനാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമി പ്രസ്തുത ഭൂമിയുടെ കമ്പോളവില ഈടാക്കി പതിച്ച് നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; | ആരാധനാലയങ്ങളും, ശ്മശാനങ്ങളും, ക്ലബുകൾ ഒഴികെയുള്ള വിവിധ കലാ കായിക സാംസ്കാരിക സംഘടനകളും വായനശാലകളും, ചാരിറ്റബിൾ സ്ഥാപനങ്ങളും മതിയായ രേഖകളില്ലാതെ കാലങ്ങളായി കൈവശം വച്ചു വരുന്ന ഭൂമിയിൽ, പ്രസ്തുത സ്ഥാപനത്തിന്റെ ആവശ്യം നിറവേറ്റുന്നതിനു വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി വ്യവസ്ഥകളോടെ പതിച്ചു നൽകുന്നത് സംബന്ധിച്ച് തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും 29/01/2020 ലെ സ.ഉ.(എം.എസ്)40/2020/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം ഇതിനകം എത്ര ഏക്കർ ഭൂമി പതിച്ച് നൽകിയെന്നും അതിലൂടെ എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) | പാട്ടവ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ വൻതുക പാട്ടകുടിശ്ശിക വരുത്തിയിട്ടുണ്ടോ; | ഉണ്ട് |

| | | |
|---|---|---|
| (ഡി) | എങ്കിൽ കടിശ്ശിക എത്രയാണെന്നും, ഇത് ഈടാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | ഉദ്ദേശം 1155 കോടി രൂപയോളം കടിശ്ശിക ഉണ്ട്. പാട്ടക്കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ.ഉ.(പി)നമ്പർ 17/2020 റവ തീയതി 15/02/2020, സ.ഉ.(പി)16/2020 റവ തീയതി 15/02/2020 പ്രകാരം ഒറ്റത്തവണത്തീർപ്പാക്കലിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ ആരംഭിച്ചിട്ടുള്ളതാണ്. |
| (ഇ) | പാട്ടകുടിശ്ശിക അടയ്ക്കുവാൻ വിസമ്മതിക്കുന്ന സ്ഥാപനങ്ങളുടെ കൈവശം വച്ചിട്ടുള്ള ഭൂമി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേക്ക് ഏറ്റെടുക്കുന്നുണ്ടോ; ഇത്തരത്തിൽ എത്ര ഏക്കർ ഭൂമി ഇതിനകം ഏറ്റെടുത്തു; | പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളിൽ കോടതി വ്യവഹാര ങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തവയുടെ പാട്ടം റദ്ദ ചെയ്ത് ഭൂമി ഏറ്റെടുക്കുന്നുണ്ട്. ഏറ്റെടുത്തിട്ടുള്ള ഭൂമിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ പറയുന്നു.<br><br>**ജില്ല** — **തിരിച്ചെടുത്ത ഭൂമിയുടെ വിശദാംശം.**<br>തിരുവനന്തപുരം — 0<br>കൊല്ലം — 0<br>പത്തനംതിട്ട — 0<br>ആലപ്പുഴ — 1.09 ഹെക്ടർ<br>കോട്ടയം — 0.1215 ഹെക്ടർ<br>ഇടുക്കി — 0<br>എറണാകുളം — 5.7572 ഹെക്ടർ<br>തൃശ്ശൂർ — 0<br>പാലക്കാട് — 0.002285 ഹെക്ടർ<br>മലപ്പുറം — 0<br>കോഴിക്കോട് — 0<br>വയനാട് — 0.0040 ഹെക്ടർ<br>കണ്ണൂർ — 0<br>കാസർഗോഡ് — 0<br><br>**ആകെ** — **6.9749 ഹെക്ടർ** |

| | | |
|---|---|---|
| (എഫ്) | ഇക്കാര്യത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി സെക്രട്ടറി തല സമിതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി നൽകിയിട്ടുള്ള ശിപാർശ എന്താണ്; വ്യക്തമാക്കുമോ? | ഉണ്ട്. വാണിജ്യാവശ്യത്തിന് പാട്ടം അനുവദിച്ചിട്ടുള്ള കേസുകളിൽ പാട്ടനിരക്ക് 5% ആയി നിശ്ചയിച്ചും വാണിജ്യേതര ആവശ്യങ്ങൾക്ക് പാട്ടം അനുവദിച്ചിട്ടുള്ള കേസുകളിൽ പാട്ടനിരക്ക് 2% ആയി നിശ്ചയിച്ചും മുൻകാല പ്രാബല്യത്തോടെ പാട്ടക്കുടിശ്ശിക കണക്കാക്കി ഒറ്റത്തവണ തീർപ്പാക്കൽ അനുവദിക്കാവുന്നതാണ് എന്നതാണ് റവന്യൂ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ധന- നിയമവകുപ്പ് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച സമിതി ശുപാർശ. പ്രസ്തുത സമിതിയുടെ ശുപാർശയുടെകൂടി അടിസ്ഥാന ത്തിലാണ് ഒറ്റത്തവണത്തീർപ്പാക്കൽ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ